# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4907 23.03.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ഡി.പ്രസേനൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും 2016-17, 2017-18 എന്നീ വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സ ധനസഹായത്തിനായി ഓൺ ലൈൻ മുഖേനയും അല്ലാതെയും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽ 2016-17 സാമ്പത്തിക വർഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും ചികിത്സാ ധനസഹായത്തിനായി 293 അപേക്ഷകളും, 2017-18 സാമ്പത്തിക വർഷം ഓൺലൈൻ മുഖേന 170 അപേക്ഷകളും, അല്ലാതെ 544 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ചികിത്സാ ധനസഹായത്തിനായി 5 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അപേക്ഷകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന ടി-ഗ്രാന്റ്സ് സംവിധാനം ഈ വകുപ്പിൽ ആരംഭിച്ചിട്ടില്ല. |
| ബി) | നടപടിക്രമങ്ങൾ പൂർത്തിയാക്കി അവയിൽ ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും ഇനി എത്ര എണ്ണം ബാക്കിയുണ്ടെന്നും വിശദമാക്കുമോ ? | ബി) | പട്ടികജാതി വിഭാഗത്തിൽ ഓൺലൈനായി 94 അപേക്ഷകർക്കും അല്ലാതെയുള്ള 819 അപേക്ഷകർക്കുമായി യഥാക്രമം 11,95,000/- രൂപയും 1,34,51,700/-രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്.ബാക്കി 94 അപേക്ഷകളിൽ തുക അനുവദിക്കാനുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽ 5 അപേക്ഷകർക്കായി 75,000/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ അപേക്ഷകൾ ഒന്നും തന്നെ ബാക്കിയില്ല. |

സെക്ഷൻ ഓഫീസർ